"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഭിന്നശേഷി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ പ്രത്യേക ധനസഹായമെന്ന നിലയിൽ മുഴുവൻ സാമ്പത്തികാനുകൂല്യങ്ങളും നല്കാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.25/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 05/01/2021

---

പരാമർശം:- 1 സ.ഉ.(കൈ) നം.22/2018/തസ്വഭവ, തീയതി 14.02.2018

2 29/06/2020-ലെ ഡിഎ1/192/2019/തസ്വഭവ നമ്പർ സർക്കുലർ

3 24/12/2020-ലെ ഡിഎ1/323/2020-തസ്വഭവ നമ്പർ സർക്കുലർ

4. പരിവാർ കേരള ജനറൽ സെക്രട്ടറിയുടെയും വിവിധ ജില്ലാ സമിതികളുടെയും 9.11.2020-ലെ അപേക്ഷകൾ.

**ഉത്തരവ്**

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിവിധ ഇനങ്ങളിലായി ഒരു വർഷം 28,500 രൂപ വരെ ആനുകൂല്യങ്ങൾ അനുവദിക്കാൻ സൂചന (1) മാർഗ്ഗരേഖ പ്രകാരം വ്യവസ്ഥയുണ്ട്. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ഭിന്നശേഷി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് സ്കൂളിൽ പോകുന്നില്ലായെങ്കിലും റ്റി.എ ഒഴിവാക്കി (സ്കൂൾ തുറന്നിട്ടില്ലാത്ത സാഹചര്യത്തിൽ) ബത്ത, സ്കോളർഷിപ്പ് അടക്കം മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് ധനസഹായങ്ങൾ നൽകാവുന്നതാണ് എന്നും സ്കൂൾ തുറക്കുന്ന മുറയ്ക്ക് റ്റി.എ-യും നൽകാവുന്നതാണ് എന്നും സ്പഷ്ടീകരണം നൽകി പരാമർശം (3) സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

2. എന്നാൽ കുട്ടികൾ സ്ഥിരമായി വീടുകളിൽ ഉള്ളതിനാൽ രക്ഷിതാക്കൾക്ക് ജോലിക്ക് പോകാൻ കഴിയാത്ത അവസ്ഥയാണെന്നും ഭിന്നശേഷി കുട്ടികളുടെ തെറാപ്പികൾക്കും മറ്റുമായി ഇപ്പോഴും പ്രൈവറ്റ് ക്ലിനിക്കുകളെ ആശ്രയിക്കേണ്ടി വരുന്നുവെന്നും ഓൺലൈൻ പഠനം സംവിധാനമൊരുക്കാനും സാമ്പത്തിക ചെലവുള്ളതിനാൽ സഹായധനം സാങ്കേതികതത്വത്തിന്റെ പേരിൽ കുറവ് വരുത്തരുതെന്നും തുക പൂർണ്ണമായും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് പരിവാർ കേരള എന്ന സംഘടനയും അതിന്റെ ജില്ലാ ഘടകങ്ങളും സൂചന(4) പ്രകാരം നിവേദനം നൽകിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് പശ്ചാത്തലത്തിൽ സ്കൂളുകൾ അടക്കുന്നതിന് മുൻപ് ഭിന്നശേഷി വിഭാഗത്തിൽപെട്ട ഗുണഭോക്താക്കൾക്ക് ബത്ത, സ്കോളർഷിപ്പ്, ടി.എ. അടക്കമുള്ള ആനുകൂല്യങ്ങൾ മാർഗ്ഗരേഖ പ്രകാരം നല്കിവന്നിരുന്നു. എന്നാൽ നിലവിൽ സ്കൂളുകൾ പ്രവർത്തിക്കുന്നില്ല. സമൂഹത്തിലെ ഏറ്റവും അർഹതപെട്ടവരെന്ന നിലയിൽ പ്രത്യേക പരിഗണന നൽകി, കോവിഡിന് മുൻപ് ലഭിച്ചിരുന്ന മുഴുവൻ സാമ്പത്തികാനുകൂല്യങ്ങളും ഭിന്നശേഷി

വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക്, പ്രത്യേക ധനസഹായമെന്ന നിലയിൽ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പരാമർശം (3) സർക്കുലർ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ.
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ജനറൽ സെക്രട്ടറി, പരിവാർ കേരള, വിപഞ്ചിക, മൈത്രി നഗർ, യാക്കര പി.ഒ. പാലക്കാട്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2021.01.05 15:21:15 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്